**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **09-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമം അനുസരിച്ച് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. കേരള പബ്ലിക് സർവീസ് കമ്മീഷൻ സംസ്ഥാന/ജില്ലാ അടിസ്ഥാനത്തിലാണ് നിയമന ശുപാർശ ചെയ്യുന്നത്. അതിനാൽ ഒറ്റപ്പാലം മണ്ഡലത്തിൽ 2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള നിയമനങ്ങളുടെ പട്ടിക ലഭ്യമല്ല |
| (ബി) | ഇത്തരം നിയമനങ്ങൾ നൽകുന്നതിന് ജില്ലാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ? | (ബി) | ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ജില്ലാതലത്തിലും / സംസ്ഥാനതലത്തിലും റാങ്ക് പട്ടികകളിൽ നിന്നാണ് നിയമനം നൽകി വരുന്നത് |

സെക്ഷൻ ഓഫീസർ